# പതിനഞ്ചാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 5, വ്യാഴം

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**മുഖ്യമന്ത്രി**

**ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി**

**ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി**

**തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി**

**മാലിന്യമുക്ത നവകേരളം പദ്ധതി**

*151 **ശ്രീ വി ജോയി**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്ത നവകേരളം പദ്ധതിയുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യോത്പാദനത്തിന്റെ തോതനുസരിച്ച് മാലിന്യശേഖരണം, വേർതിരിക്കൽ, സംസ്കരണം എന്നിവയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ജനങ്ങളിൽ പൊതുബോധം സൃഷ്ടിക്കുന്നതിനായി വാതിൽപ്പടി ശേഖരണം മുതൽ സംസ്കരണ കേന്ദ്രങ്ങൾ വരെ ഒരുക്കുന്നതിന് ഊന്നൽ കൊടുത്തു കൊണ്ടുള്ള ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**ഗൈഡ് വയർ ശരീരത്തിൽ കുടുങ്ങിയ സംഭവം**

*152 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എൻ. ഷംസുദ്ദീൻ**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 മാർച്ചിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നടന്ന തൈറോയ്ഡ് ശസ്ത്രക്രിയയ്ക്കിടയിൽ രോഗിയുടെ ശരീരത്തിനുള്ളിൽ ഗൈഡ് വയർ കുടുങ്ങിയ സംഭവത്തിലെ അന്വേഷണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ശസ്ത്രക്രിയ നടത്തിയ ഡോക്ടർക്ക് വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ശരീരത്തിനുള്ളിൽ കുടുങ്ങിയ ഗൈഡ് വയർ പുറത്തെടുക്കാൻ കഴിയുമോയെന്ന് വിദഗ്ധപരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ വിഷയത്തിൽ നഷ്ടപരിഹാരം നൽകണമെന്ന യുവതിയുടെ ആവശ്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>വിഷൻ 2031</u>

*153 **ശ്രീ എം നൗഷാദ്**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളീയ പ്രവാസികളുടെ സംഭാവനകൾ കേരളത്തിന്റെ സാമൂഹ്യ പുരോഗതിയിലും സാമ്പത്തിക വളർച്ചയിലും വളരെ ആഴത്തിൽ സ്വാധീനിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മാറിവരുന്ന ആഗോള കുടിയേറ്റ സാഹചര്യങ്ങളെ മുൻനിർത്തി നോർക്ക വിഷൻ 2031 എന്ന പേരിൽ ദീർഘകാല നയരൂപീകരണത്തിനായി പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം നൽകാമോ;

(സി) ഗൾഫ് രാജ്യങ്ങളെ മാത്രം ആശ്രയിച്ചിരുന്ന മലയാളി പ്രവാസികൾ കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടെ യൂറോപ്പ്, കാനഡ, ആസ്ട്രേലിയ, ന്യൂസിലാന്റ്, ആഫ്രിക്ക, കിഴക്കൻ ഏഷ്യ തുടങ്ങിയ രാജ്യങ്ങളിലേക്ക് കുടിയേറുന്നത് കേരളീയരുടെ കുടിയേറ്റ പ്രവണതയുടെ വ്യാപ്തി വ്യക്തമാക്കുന്നുവെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ഡി) കേരള മൈഗ്രേഷൻ സർവേ പ്രകാരം നിലവിൽ എത്ര മലയാളികളാണ് വിദേശരാജ്യങ്ങളിൽ തൊഴിലെടുത്തു വരുന്നതെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

## <u>കണക്ക് ട്ട വർക്ക് സ്കോളർഷിപ്പ് പദ്ധതി</u>

*154 **ശ്രീ. എച്ച്. സലാം**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് സ്കോളർഷിപ്പ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ചതെന്നാണെന്നും ആരംഭഘട്ടത്തിൽ അപേക്ഷകരുടെ വരുമാനം എത്ര തുക വരെ ആയിരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും അറിയിക്കാമോ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളുടെ മത്സരപരീക്ഷയ്ക്ക് തയ്യാറാകുന്നവർക്കാണ് പ്രസ്തുത പദ്ധതിയിൽ അപേക്ഷിക്കാൻ കഴിയുന്നത്;

(ഇ) നൈപുണ്യ വികസനത്തിലൂടെ തൊഴിൽ സാധ്യത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം കൈവരിക്കാൻ പ്രസ്തുത പദ്ധതി ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി കൂടുതൽ വിപുലമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>കേരള നോളജ് ഇക്കോണമി മിഷൻ</u>

*155 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ച തോതിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് കേരള നോളജ് ഇക്കോണമി മിഷന് (കെ.കെ.ഇ.എം.)കഴിയുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വ്യത്യസ്ത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് രജിസ്റ്റർ ചെയ്യുന്നതിനായി ഒരു ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം കെ-ഡിസ്കിന്റെയും ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെയും നേതൃത്വത്തിൽ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പങ്കാളിത്ത സംഘടനകളുമായി ചേർന്ന് ഇതുവരെ എത്രപേർക്ക് തൊഴിൽ നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) കേരളത്തെ ഒരു നോളജ് സൊസൈറ്റിയായി വിഭാവനം ചെയ്തുകൊണ്ട് ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം ഒരുക്കുന്നതിന് കെ.കെ.ഇ.എം.ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

## <u>കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി</u>

*156 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീമതി കെ. കെ. രമ**

**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സർക്കാർ-സ്വകാര്യ ആശുപത്രികൾക്കും, ആരോഗ്യരംഗത്തെ വിവിധ ഏജൻസികൾക്കും കുടിശിക നൽകാനുള്ളത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) കുടിശിക എന്നുകൊടുത്തു തീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി നൽകുന്ന ആനുകൂല്യങ്ങൾക്കും മരുന്ന് വാങ്ങുന്നതിനും തുക പരിമിതപ്പെടുത്തിക്കൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ

*157 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2016 വരെ 140 കോടി രൂപയുടെ സർക്കാർ ഗ്യാരന്റി മാത്രം ലഭിച്ചിരുന്ന വനിത വികസന കോർപ്പറേഷന് 2016 മുതൽ 2025 വരെയുള്ള കാലയളവിൽ 1455.56 കോടി രൂപയുടെ അധിക ഗ്യാരന്റി അനുവദിക്കുന്നതിനായി എന്തെല്ലാം ഇടപെടലുകളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) ദേശീയ ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷൻ, ദേശീയ സഫായി കരംചാരീസ് ധനകാര്യ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും എത്ര തുകയുടെ വായ്പയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തുക ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കായി വിനിയോഗിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഇ) 2016 മുതൽ 2025 വരെയുള്ള കാലയളവിൽ കോർപ്പറേഷന് എന്തെല്ലാം പദ്ധതികളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(എഫ്) പ്രസ്തുത കോർപ്പറേഷന് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എന്തെല്ലാം അംഗീകാരങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ?

## ഉപഭോക്തൃ സംരക്ഷണം

*158 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ ധനകാര്യ മേഖലയിൽ നൂതന അവസരങ്ങൾ വരുമ്പോൾത്തന്നെ അത് ഉയർത്തുന്ന വെല്ലുവിളികളും അപകടങ്ങളും ഉപഭോക്തൃകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡിജിറ്റൽ പണമിടപാടുമായി ബന്ധപ്പെട്ട ചതിക്കുഴികൾ മുന്നിൽക്കണ്ട് കരുതലോടെ നീങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിൽപ്പന നടത്തുന്ന ഉൽപ്പന്നങ്ങളുടെ ബിൽ, ഉപയോഗിക്കുന്ന അളവ് തൂക്ക ഉപകരണങ്ങളുടെ കൃത്യത എന്നിവ പരിശോധിക്കുന്നതിനു വേണ്ടി ഓപ്പറേഷൻ ജാഗ്രത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പെട്രോൾ ഡീസൽ വിതരണ പമ്പുകളിലെ ഇന്ധനത്തിന്റെ അളവിലെ കൃത്യത, പമ്പിലെ ഉപകരണങ്ങളിൽ മുദ്രപതിപ്പിക്കൽ എന്നിവ പരിശോധിക്കുന്നതിനായി ഓപ്പറേഷൻ ക്ഷമത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) റേഷൻ കടകളുടെ പരിശോധന ഓൺലൈനായി നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതി നിർവ്വഹണം

*159 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏപ്രിൽ ഒന്നിന് ആരംഭിക്കുന്ന പ്ലാനിംഗ് സൈക്കിളിലേക്ക് (വാർഷിക പദ്ധതി നിർവ്വഹണം)സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഉൾക്കൊള്ളിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിനാൽ പദ്ധതി നിർവ്വഹണത്തിന് മൂന്നോ നാലോ മാസം മാത്രം ലഭിച്ചിരുന്ന സാഹചര്യം ഒഴിവാക്കി സാമ്പത്തിക വർഷത്തിലെ പന്ത്രണ്ട് മാസവും ലഭിക്കുന്ന രീതി അവലംബിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങൾ പരിഗണിക്കേണ്ടതാണെന്ന കാഴ്പ്പാടിന്റെ അടിസ്ഥാനത്തിൽ മുൻകൂട്ടി പദ്ധതികൾ രൂപീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനും പൊതുമാർഗ്ഗരേഖ പുറപ്പെടുവിക്കുന്ന പതിവ് രീതിയിൽ നിന്നും വ്യത്യസ്തമായി ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രത്യേക മാർഗ്ഗരേഖകൾ തയ്യാറാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ക്യാൻസർ രോഗനിർണ്ണയവും ചികിത്സയും

*160 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗനിർണ്ണയത്തിലും ചികിത്സയിലും കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ പ്രത്യേകമായി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2016 മുതൽ 2026 വരെയുള്ള കാലയളവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) പ്രാരംഭ ഘട്ടത്തിൽ തന്നെ ക്യാൻസർ ബാധ കണ്ടെത്തുന്നതിനും വിദഗ്ധ ചികിത്സയ്ക്കായി റഫർ ചെയ്യുന്നതിനും പ്രാദേശിക തലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) കഴിഞ്ഞ പത്തുവർഷക്കാലത്തെ ശ്രമങ്ങളുടെ ഫലമായി ജില്ലാ-താലൂക്ക് ആശുപത്രികളിൽ ക്യാൻസർ ചികിത്സ നൽകുന്നതിന് എത്രമാത്രം സാധിച്ചിട്ടുണ്ട്; നിലവിൽ ഏതെല്ലാം ആശുപത്രികളിലാണ് ചികിത്സ നൽകി തുടങ്ങിയത്; വിശദമാക്കാമോ;

(ഇ) സംസ്ഥാനത്തെ എല്ലാ സർക്കാർ ജില്ലാ-താലൂക്ക് ആശുപത്രികളിലും ക്യാൻസർ നിർണ്ണയവും ചികിത്സയും നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ലൈഫ് ഭവന പദ്ധതി

*161 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് പലയിടങ്ങളിലും വികസനത്തിന്റെ മറവിൽ വീടുകൾ പൊളിച്ചു മാറ്റുന്ന സാഹചര്യത്തിൽ കേരളത്തിലെ ലൈഫ് ഭവന പദ്ധതി അതിനൊരു ബദലാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികൾ സംയോജിപ്പിച്ചാണ് ലൈഫ് ഭവന പദ്ധതി ആരംഭിച്ചതെന്നും ഇതുവരെ ഏതെല്ലാം മേഖലകളിലായി എത്ര വീതം വീടുകൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ വഴി കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണ വകുപ്പും എത്ര തുക വീതമാണ് ലഭ്യമാക്കുന്നതെന്നും അതനുസരിച്ച് നാളിതുവരെ ഓരോ വിഭാഗവും അനുവദിച്ച തുക എത്ര വീതമാണെന്നും അറിയിക്കാമോ;

(ഡി) പദ്ധതിയുടെ ഭാഗമായി നിലവിൽ അനുവദിച്ചതും നിർമ്മാണത്തിലിരിക്കുന്നതുമായ വീടുകളുടെയും ഫ്ലാറ്റുകളുടെയും എണ്ണം വെളിപ്പെടുത്താമോ?

**താമരശ്ശേരി ഫ്രഷ് കട്ട് പ്ലാന്റിനെതിരെയുള്ള സമരത്തിലെ പോലീസ് നടപടി**

*162 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
**ഡോ. എം. കെ. മുനീർ**
**ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി അമ്പായത്തോട് ഇറച്ചിപ്പാറയിൽ പ്രവർത്തിക്കുന്ന ഫ്രഷ് കട്ട് കോഴിയറവ് മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നുള്ള അതിരൂക്ഷമായ ദുർഗന്ധം കോടഞ്ചേരി, ഓമശ്ശേരി, താമരശ്ശേരി എന്നീ പഞ്ചായത്തുകളിലെ ജനജീവിതം ദുസ്സഹമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്ലാന്റിന്റെ പ്രവർത്തനം മൂലം ദുരിതമനുഭവിക്കുന്നവരുടെ ജനകീയ സമരത്തിന് നേരെ പോലീസ് നടത്തിയ ബലപ്രയോഗത്തിലും, കണ്ണീർവാതക ഗ്രനേഡുകൾ പ്രയോഗിച്ചതിലും അനേകം പേർക്ക് പരിക്ക് പറ്റിയ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സമരത്തിനിടെ മാലിന്യവാഹനങ്ങൾ പ്ലാന്റിലേക്ക് പ്രവേശിപ്പിക്കാൻ പോലീസ് നടത്തിയ നീക്കമാണോ സംഘർഷത്തിന് കാരണമായതെന്ന കാര്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സംഭവത്തെത്തുടർന്ന് അർദ്ധരാത്രിയിൽ പോലീസ് പ്രദേശവാസികളുടെ വീടുകളിൽ റെയ്ഡ് നടത്തിയെന്നും നിരപരാധികളെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചുവെന്നുമുള്ള പരാതികളിൽ വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത സമരവുമായി ബന്ധപ്പെട്ട് എത്ര വ്യക്തികൾക്കെതിരെയാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ഏതെല്ലാം നിയമവകുപ്പുകൾ പ്രകാരമാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(എഫ്) പ്രസ്തുത കേസ്സുകൾ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കുടുംബശ്രീ പ്രവർത്തനങ്ങൾ**

*163 **ശ്രീ. എം. എം. മണി**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ എം മുകേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ ശാക്തീകരണ പ്രസ്ഥാനമായ കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ ഈ സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയതെന്ന് വിശദമാക്കാമോ;

(ബി) കുടുംബശ്രീ ടെക്നോളജി അസൈൻമെന്റ് പ്രോഗ്രാം മുഖേന ഇന്ത്യയിലെ പ്രശസ്ത കാർഷിക സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും കുടുംബശ്രീ കരസ്ഥമാക്കിയ സാങ്കേതികവിദ്യകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(സി) കുടുംബശ്രീ സംരംഭമായ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ബ്രോയ്‌ലർ ഫാമുകളുടെയും ഔട്ട്‌ലെറ്റുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കുടുംബശ്രീ ഉത്പന്നങ്ങൾ ഓൺലൈൻ വഴി വിറ്റഴിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) സി.ഡി.എസ്. (കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി)കളുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ?

## <u>ഭക്ഷ്യധാന്യ വിതരണം കാര്യക്ഷമമാക്കാൻ നടപടി</u>

*164 **ശ്രീ വി ശശി**
**ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സംവിധാനം വഴി ഭക്ഷ്യധാന്യ വിതരണ നടപടി കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇഷ്ടമുള്ള റേഷൻകടയിൽനിന്നു ഭക്ഷ്യധാന്യം വാങ്ങാനുള്ള പോർട്ടബിലിറ്റി സംവിധാനം കേരളത്തിൽ പൊതുജനങ്ങൾ വലിയ തോതിൽ പ്രയോജനപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ;

(സി) പോർട്ടബിലിറ്റി വന്നതോടെ റേഷൻവ്യാപാരികളുടെ പ്രവർത്തനം മത്സരാധിഷ്ഠിതമായി മാറിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>മരുന്നുകളുടെ ഗുണനിലവാര കുറവും വ്യാജ മരുന്നുകളുടെ ലഭ്യതയും</u>

*165 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുകളുടെ ഗുണനിലവാരം എന്നത് എന്താണെന്ന് വ്യക്തമാക്കാമോ; ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ ഉപയോഗിക്കുന്നത് മൂലം ഉണ്ടാകാനിടയുള്ള ആരോഗ്യപ്രശ്നങ്ങൾ വിശദമാക്കാമോ;

(ബി) വ്യാജ മരുന്നുകൾ എന്നത് എന്താണെന്ന് വ്യക്തമാക്കാമോ; ഇവ വിപണിയിൽ വ്യാപകമാകുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) വ്യാജമരുന്നുകളുടെ ഉപയോഗം രോഗികളെയും പൊതുജനാരോഗ്യ സംവിധാനത്തെയും എപ്രകാരമാണ് ദോഷകരമായി ബാധിക്കുന്നതെന്ന്

വിശദമാക്കാമോ;

(ഡി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളും ഡ്രഗ്സ് കൺട്രോൾ വകുപ്പും നിർവ്വഹിക്കുന്ന സുപ്രധാന ചുമതലകൾ എന്തെല്ലാമാണ്;

(ഇ) മരുന്നുകളുടെ വിലവർധനവിന് കാരണമാകുന്ന ഘടകങ്ങൾ എന്തൊക്കെയാണ്; ഇത് സാധാരണ ജനങ്ങളെ എങ്ങനെ ബാധിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(എഫ്) മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനായി നിലവിലുള്ള ഡ്രഗ് പ്രൈസ് കൺട്രോൾ ഓർഡർ ഉൾപ്പെടെയുള്ള നിയമങ്ങളും നയങ്ങളും എത്രമാത്രം ഫലപ്രദമാണെന്ന് വിശദമാക്കാമോ;

(ജി) ഉയർന്ന ഗുണമേന്മയുള്ള മരുന്നുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് സർക്കാർ, ഫാർമസ്യൂട്ടിക്കൽ കമ്പനികൾ, ഉപഭോക്താക്കൾ എന്നിവർ ചേർന്ന് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## മാലിന്യമുക്ത നവകേരളം പദ്ധതി

*166 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്ന ഹരിതകർമ്മസേനയുടെ പ്രവർത്തനം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇതിനായി നൽകുന്ന യൂസർ ഫീ കുടിശ്ശിക വരുത്തുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഉറവിട മാലിന്യ സംസ്കരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സാങ്കേതിക സഹായങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നത് തടയുന്നതിനായി സ്ഥാപിച്ച നിരീക്ഷണ ക്യാമറകളുടെയും പിഴ ഈടാക്കുന്ന സംവിധാനത്തിന്റെയും നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

## ബിൽഡ് ഇറ്റ് ബിഗ് ഫോർ ബില്യൺസ് പദ്ധതി

*167 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**

**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവീന ആശയങ്ങളെയും നവസംരംഭങ്ങളെയും വാർത്തെടുക്കുന്ന സ്റ്റാർട്ടപ്പ് മേഖലയിലെ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആഗോളവിപണിയിൽ ആധിപത്യം സ്ഥാപിക്കാൻ ശേഷിയുള്ള ബിസിനസ് സ്റ്റാർട്ടപ്പുകൾ കേരളത്തിൽ വളർത്തിയെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും കോർപ്പറേറ്റ് മേഖലയെ പരിചയപ്പെടുത്തുന്നതിനും അതുവഴി സ്റ്റാർട്ടപ്പുകളുടെ വിപണി വിപുലീകരിക്കുന്നതിനും നിക്ഷേപം ആകർഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ലോകോത്തര നിലവാരമുള്ള ഉൽപ്പന്നങ്ങൾ കേരളത്തിൽ വികസിപ്പിക്കാൻ സ്റ്റാർട്ടപ്പ് സംരംഭകർക്ക് ധനസഹായം നൽകുന്ന ബിൽഡ് ഇറ്റ് ബിഗ് ഫോർ ബില്യൺസ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

### <u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ പദ്ധതി വിഹിതം</u>

*168 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന പദ്ധതി വിഹിതവും നിർവ്വഹണവും ഫണ്ട് വിനിയോഗവും സംബന്ധിച്ച് വിശകലനം നടത്താറുണ്ടോ; വ്യക്തമാക്കാമോ;

(ബി) 2011-16 വരെയുള്ള സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ആകെ തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) 2016-21 വരെയുള്ള സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2021-26 വരെയുള്ള സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുകയാണ് വിതരണം ചെയ്തതെന്ന് അറിയിക്കാമോ?

### <u>പയ്യന്നൂരിൽ ആക്രമണം</u>

*169 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ എം. എൽ. എ.ക്കെതിരെ ഭരണകക്ഷിയുടെ മുൻ ഏരിയ സെക്രട്ടറി നടത്തിയ വെളിപ്പെടുത്തലിനെ തുടർന്ന് നടന്ന മാർച്ചിനെതിരെ ഭരണകക്ഷി പ്രവർത്തകർ ആക്രമണം നടത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പയ്യന്നൂരിലെ രക്തസാക്ഷി ഫണ്ട് തട്ടിപ്പിൽ പ്രതിഷേധിച്ച് നടന്ന പ്രകടനത്തിന് നേരെ ഭരണകക്ഷി പ്രവർത്തകർ നടത്തിയ അക്രമങ്ങൾക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കേസ് രജിസ്റ്റർ ചെയ്യാൻ തയ്യാറാകുമോ?

**ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം**

*170 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനായി ഭൂമി ഏറ്റെടുക്കാനുള്ള വിജ്ഞാപനവും അനുബന്ധ റിപ്പോർട്ടുകളും ഹൈക്കോടതി റദ്ദാക്കിയ കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഭാവിവികസനത്തിന് ഇത്രയേറെ ഭൂമി വേണ്ടിവരുമെന്ന കാര്യം കോടതിയെ ബോധ്യപ്പെടുത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ശബരിമല വിമാനത്താവളം സാധ്യമാക്കാൻ എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യം**

*171 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് അടക്കമുള്ള ആശുപത്രികളിലെ വാർഡുകളിൽ ഒരു കട്ടിലിൽ ഒന്നിലധികം രോഗികൾ കിടക്കുന്നു എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നഴ്സിംഗ് അടക്കമുള്ള സ്റ്റാഫുകളുടെ കുറവ് രോഗികൾക്ക് പ്രതിസന്ധി സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

**പോലീസ് ഉദ്യോഗസ്ഥരുടെ ഗുണ്ടാബന്ധവും ബിനാമി ബിസിനസും**

*172 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതരായ ചില പോലീസ് ഉദ്യോഗസ്ഥർക്ക് ഗുണ്ടകളുമായി ബന്ധമുള്ളതായും പലരും ബിനാമി ബിസിനസ് നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ്-ഗുണ്ടാ ബന്ധം നിലനിൽക്കുന്നതിനാൽ ഗുണ്ടകൾക്കെതിരെ നടപടിയെടുക്കുന്നതിനും, കാപ്പ നിയമം നടപ്പാക്കുന്നതിനും വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം പോലീസുകാരെ കണ്ടെത്തി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

**<u>ശബരിമല മണ്ഡല മഹോത്സവത്തിന് ദർശന സൗകര്യങ്ങൾ ഒരുക്കിയ നടപടി</u>**

*173 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ ഡി കെ മുരളി**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ശബരിമല മണ്ഡല മഹോത്സവം സുഗമമായി നടത്തുന്നതിനും തീർത്ഥാടകർക്ക് ആയാസരഹിതമായും സമയബന്ധിതമായും ദർശന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) തീർത്ഥാടകരുടെ തിരക്ക് നിയന്ത്രിക്കുന്നതിനും അവരെ സഹായിക്കുന്നതിനും അവർക്ക് ആവശ്യമായ സംരക്ഷണമൊരുക്കുന്നതിനുമായി സംസ്ഥാനത്തെ പോലീസ് സേന നടത്തിയ അഭിനന്ദനീയമായ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) തീർത്ഥാടന കാലത്ത് ഇടതടവില്ലാതെ വൈദ്യുതിയും ജലവും വിതരണം ചെയ്യുന്നതിനും ആരോഗ്യ ചികിത്സാ സഹായം ലഭ്യമാക്കുന്നതിനും അപകടങ്ങൾ ഉണ്ടാകാതിരിക്കാനും അഗ്നിശമന സേന നടത്തിയ ഇടപെടലും പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത മേഖലയിൽ ഓരോ വകുപ്പും നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പ്രത്യേകമായി ലഭ്യമാക്കാമോ?

**<u>പകർച്ചപ്പനി പടർന്ന് പിടിക്കുന്നത് തടയാൻ നടപടി</u>**

*174 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ തരം പനികൾ പടർന്ന് പിടിക്കുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) 2026-ൽ നാളിതുവരെ 1.2 ലക്ഷത്തിലധികംപേർ പനി പിടിച്ച് ആശുപത്രികളിൽ ചികിത്സ തേടിയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് പനി പടർന്ന് പിടിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പ്രവാസികളുടെ പ്രശ്നങ്ങളിൽ നോർക്ക നടത്തിവരുന്ന പ്രവർത്തനങ്ങൾ

*175 **ശ്രീമതി ദലീമ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രവാസികളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നോർക്ക നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കോവിഡ്, യുക്രൈൻ യുദ്ധം, സുഡാൻ, ഇസ്രായേൽ-ഹമാസ് സംഘർഷം, കുവൈറ്റ് തീപിടുത്തം തുടങ്ങിയ പ്രതിസന്ധിഘട്ടങ്ങളിലെല്ലാം കേരള പ്രവാസികളെ സുരക്ഷിതരാക്കുന്നതിൽ നോർക്ക നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രവാസി കേരളീയരുടെ ഭാവിയിലേയ്ക്കുള്ള ദിശാസൂചികയായി നോർക്ക വിഷൻ 2031 എന്ന പേരിൽ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) നവകേരള നിർമ്മാണത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിൽ പ്രസ്തുത പദ്ധതിയ്ക്ക് ഏറെ പങ്കുവഹിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

(ഇ) പ്രവാസികളുടെ ക്ഷേമ-വികസനകാര്യത്തിൽ നോർക്ക വിഷൻ 2031 ന് എന്തെല്ലാം പങ്കുവഹിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## ആശുപത്രി കെട്ടിടങ്ങളുടെ ബലക്ഷയം

*176 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ജനറൽ ആശുപത്രി വരെയുള്ള ബലക്ഷയമുള്ള കെട്ടിടങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അത്തരം കെട്ടിടങ്ങൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പു വരുത്താൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ബലക്ഷയമുള്ള കെട്ടിടങ്ങൾക്കു പകരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

## വിമുക്തി പദ്ധതി

*177 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യുവാക്കളിൽ മയക്കുമരുന്ന് ഉപയോഗം വർദ്ധിക്കുന്നത് തടയാൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) വിമുക്തി പദ്ധതി വ്യാപകമാക്കുന്നതിനും സ്കൂൾ, കോളേജ് തലങ്ങളിൽ നിർബന്ധിത ബോധവൽക്കരണം നടപ്പാക്കുന്നതിനും എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## തദ്ദേശസ്വയംഭരണ റോഡുകളുടെ ജി.ഐ.എസ്. അധിഷ്ഠിത വിവരശേഖരണം

*178 **ശ്രീ. കെ.വി.സുമേഷ്**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്താദ്യമായി തദ്ദേശസ്വയംഭരണ റോഡുകളുടെ ജി.ഐ.എസ്. അധിഷ്ഠിത വിവരശേഖരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എന്തെല്ലാം സാങ്കേതിക സൗകര്യങ്ങളാണ് പ്രയോജനപ്പെടുത്തിയതെന്ന് വെളിപ്പെടുത്താമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളുടെ ആസ്തി വിവരങ്ങൾ ശേഖരിച്ചതിൽ മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാപഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവകളുടെ അധീനതയിൽ ഓരോന്നും എത്ര കിലോമീറ്റർ വീതമെന്ന് പ്രത്യേകം വിവരങ്ങൾ ലഭ്യമാക്കുമോ?

## ലഹരി ഉപയോഗം

*179 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വ്യാപനം തടയുന്നതിന് പോലീസ്, എക്സൈസ്, ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരുടെ കൂട്ടായ പ്രവർത്തനങ്ങൾ നിർണ്ണായകമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മയക്കുമരുന്ന് വിതരണവും ഉപയോഗവും പൂർണമായി തടഞ്ഞ് സംസ്ഥാനത്തെ ലഹരിമുക്തമാക്കുന്നതിനുള്ള സമഗ്രപദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ലഹരിയിൽ നിന്നും സാധാരണ ജീവിതത്തിലേക്ക് മടങ്ങി വരുന്നവരെ ഉൾക്കൊള്ളുന്ന തരത്തിൽ സമൂഹത്തെ മാറ്റിയെടുക്കുന്നതിനും അവർ വീണ്ടും ലഹരിയിലേക്ക് തിരിയാതിരിക്കാനുമുള്ള ജാഗ്രത പുലർത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ലഹരിക്കടത്തിന് കുട്ടികളെ ഉൾപ്പെടെ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ പ്രതിരോധ നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**<u>പയ്യന്നൂർ ഫണ്ട് വിവാദം</u>**

*180 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ പയ്യന്നൂർ എം.എൽ.എ. ഏരിയ സെക്രട്ടറി ആയിരിക്കെ ധനരാജ് രക്തസാക്ഷി ഫണ്ട്, ഏരിയ കമ്മിറ്റി ഓഫീസ് നിർമാണ ഫണ്ട്, തിരഞ്ഞെടുപ്പ് ഫണ്ട് എന്നിവയിൽ തിരിമറി നടത്തിയെന്ന സി. പി. ഐ. എം കണ്ണൂർ ജില്ലാ കമ്മിറ്റി അംഗവും മുൻ പയ്യന്നൂർ ഏരിയ സെക്രട്ടറിയുമായിരുന്ന വ്യക്തിയുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത വെളിപ്പെടുത്തലിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2026 ജനുവരി 27, ചൊവ്വ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].